# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും പുണ്യപ്രവൃത്തികളുടെയും ചൈതന്യത്താൽ വിശ്വാസത്തിൽ നാമോരോരുത്തരെയും ഉണർവുള്ളവരാക്കി ത്തീർക്കുന്ന വലിയനോമ്പിലേക്കു നാം പ്രവേശിക്കുകയാണ്. ഉപവാസം, വചന വായന എന്നിവയിലൂടെ ഈശോയുടെ പീഡാനുഭവകുരിശുമരണങ്ങളെ ധ്യാനിച്ച് അമ്പതുനോമ്പു ഫലദായകമാക്കിത്തീർക്കാം; പുതുചൈതന്യം നിറഞ്ഞവരായിത്തീരാം.

ഒരുവർഷക്കാലത്തെ പരിശീലനത്തിലൂടെ ആർജിച്ചെടുത്ത അറിവിന്റെ ആഴം വിലയിരുത്തപ്പെടുന്ന അവസരമാണു പരീക്ഷാക്കാലം. ''ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്'' എന്നരുളിച്ചെയ്ത ഈശോയിലാശ്രയിച്ച് ഉത്സാഹ ത്തോടെ പഠനത്തിലും പ്രാർഥനയിലും കൂടുതൽ ശ്രദ്ധിച്ചു ക്ലാസ്സ് പരീക്ഷകളെ അഭിമുഖീകരിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

01 ശനി : സി.എൽ.റ്റി. ക്ലാസ്സ്
02 ഞായർ : നോമ്പ് ഒന്നാം ഞായർ ക്ലാസ്സ്- 40
03 തിങ്കൾ : **വിഭൂതി (ഉപവാസദിനം)- അമ്പതുനോമ്പാരംഭം**
08 ശനി : സി.എൽ.റ്റി. ക്ലാസ്സ്
09 ഞായർ : നോമ്പ് രണ്ടാം ഞായർ ക്ലാസ്സ്- 41
15 ശനി : സി.എൽ.റ്റി. ക്ലാസ്സ്
16 ഞായർ : നോമ്പ് മൂന്നാം ഞായർ ക്ലാസ്സ്- 42
19 ബുധൻ : **മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ** *(ഓഫീസ് അവധി)*
22 ശനി : സി.എൽ.റ്റി. ക്ലാസ്സ്
23 ഞായർ : നോമ്പ് നാലാം ഞായർ ക്ലാസ്സ്- 43
25 ചൊവ്വ : മംഗളവാർത്തതിരുനാൾ
29 ശനി : സി.എൽ.റ്റി. ക്ലാസ്സ്
30 ഞായർ : നോമ്പ് അഞ്ചാം ഞായർ ക്ലാസ്സ്- 44
**രണ്ടാം ടേം വാചികപരീക്ഷ (1 മുതൽ 9 വരെ ക്ലാസ്സുകൾ)**

**ഏപ്രിൽ**

01 ചൊവ്വ : വിശ്വാസോത്സവാരംഭം (1 മുതൽ 10 വരെ തീയതികളിൽ)
06 ഞായർ : നോമ്പ് ആറാം ഞായർ

**വാചികപരീക്ഷ (1 മുതൽ 9 വരെ ക്ലാസ്സുകൾ)**

**മാർച്ച് 30നു** 1 മുതൽ 9 വരെ ക്ലാസ്സുകൾക്കു വാചികപരീക്ഷ നടത്തപ്പെടുന്നതാണ്. ഉപപാഠപുസ്തകങ്ങളിലെ ചോദ്യങ്ങൾക്ക് 15 മാർക്കും നമസ്കാരങ്ങളിലെ ചോദ്യങ്ങൾക്ക് 10 മാർക്കുമാണു നൽകേണ്ടത്. *(കൂടുതൽ വിവരങ്ങൾ മതബോധന കലണ്ടർ 18-25 പേജുകളിൽ)* വാചികപരീക്ഷ കഴിയുമ്പോൾ കുട്ടികളുടെ മാർക്കുകളും ഹാജർനിലയും Ecosൽ എന്റർ ചെയ്യേണ്ടതാണ്.

**വിശ്വാസോത്സവം**

മുൻനിർദേശങ്ങളനുസരിച്ച് **ഏപ്രിൽ 1 മുതൽ 10 വരെയുള്ള** തീയതികളിൽ വിശ്വാസോത്സവം നടത്തേണ്ടതാണ്. *(വിശ്വാസോത്സവം സംബന്ധിച്ച് ഇടവകതലത്തിൽ ശ്രദ്ധിക്കേണ്ട വിവരങ്ങൾ മതബോധന കലണ്ടർ 33-35 പേജുകളിൽ).* അധ്യാപകർക്കായുള്ള വിശ്വാസോത്സവ സെമിനാർ മാർച്ച് മാസം ഫൊറോനാതലത്തിൽ നടത്തപ്പെടുന്നതാണ്. അതതു വിഭാഗങ്ങളിൽപ്പെട്ട അധ്യാപകർ ഈ പരിശീലനത്തിൽ പങ്കെടുക്കാൻ പ്രത്യേകം താത്പര്യമെടുക്കുമല്ലോ. ഈ വർഷത്തെ വിശ്വാസോത്സവവിഷയം: **വചനം ഹൃദയത്തിലും ജീവിതത്തിലും**. വിശ്വാസോത്സവ സെമിനാർ നടത്തപ്പെടുന്ന ഫൊറോനകളുടെ തീയതിയും സമയക്രമവും താഴെക്കൊടുത്തിരിക്കുന്നു.

**വിശ്വാസോത്സവ സെമിനാർ (ഫൊറോനാതലം)**

| ദിവസം | രാവിലെ (9.30-1.00) | ഉച്ചകഴിഞ്ഞ് (2.00-5.30) |
|---|---|---|
| 08 ശനി | കൊല്ലം - ആയൂർ | തിരുവനന്തപുരം |
| 09 ഞായർ | | തുരുത്തി, തൃക്കൊടിത്താനം |
| 15 ശനി | പുളിങ്കുന്ന്, എടത്വാ | ചമ്പക്കുളം |
| 16 ഞായർ | | കുറുമ്പനാടം, ആലപ്പുഴ |
| 22 ശനി | മണിമല, മുഹമ്മ | നെടുങ്കുന്നം |
| 23 ഞായർ | | ചങ്ങനാശ്ശേരി, കോട്ടയം |
| 29 ശനി | അതിരമ്പുഴ | കുടമാളൂർ, അമ്പൂരി |
| 30 ഞായർ | | ചെങ്ങന്നൂർ |

**അതിരൂപതാ സ്കോളർഷിപ്പ്**

സൺഡേസ്കൂളിലെ ഒന്നും രണ്ടും ടേമുകളിലെ എഴുത്തുപരീക്ഷക്ക് 80%ൽ കൂടുതൽ മാർക്കും വർക്കുബുക്കിന് 80% മാർക്കും 90% ഹാജറും നേടിയവരെയും സ്കോളർഷിപ്പ് പരീക്ഷ എഴുതുമെന്ന് ഉറപ്പുള്ളവരെയും **മാർച്ച് 20നു മുമ്പായി** സന്ദേശനിലയത്തിൽ നൽകുന്ന സാധ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവരുടെ രണ്ടു ടേമുകളിലെയും ഉത്തരക്കടലാസുകൾ ഇതോടൊപ്പം നൽകേണ്ടതാണ്. അവസാനയോഗ്യതയ്ക്കായി ഈ കുട്ടികൾ വിശ്വാസോത്സവത്തിന് 90% സ്കോറും 90% ഹാജറും നേടേണ്ടതാണ്. *(മതബോധന കലണ്ട*

*റിലും 2025 ഫെബ്രുവരിയിലെ വേദപ്രചാരമദ്ധ്യസ്ഥനിലുംനിന്നും വ്യത്യസ്ത മായി ചില ഭേദഗതികൾ വരുത്തിയതു ശ്രദ്ധിക്കുമല്ലോ.)*

**ജൂബിലിവർഷാചരണം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഭാഗമായി സന്ദേശനിലയവും മിഷൻലീഗും ഒരുമിച്ചുചേർന്നുള്ള പ്രവർത്തനങ്ങളെ ഇടവകതലത്തിൽ പ്രോത്സാഹിപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. നോമ്പുകാലപ്രവർത്തന ങ്ങൾ മിഷൻലീഗ് പേജുകളിൽ.

**നന്ദി**

സൺഡേസ്കൂളുകളുടെ ഫൊറോനാ ഓർഗനൈസർമാരായി സ്തുത്യർഹ മായ സേവനമനുഷ്ഠിച്ച ഫാ. ലൂക്കാ വെട്ടുവേലിക്കളം (തൃക്കൊടിത്താനം), ഫാ. ആന്റണി തുണ്ടുകളം (ചങ്ങനാശ്ശേരി), ഫാ. ജോൺ തത്തയ്ക്കാട്ടുപുളി യ്ക്കൽ (കോട്ടയം), ഫാ. ചാക്കോ ഒറ്റാറയ്ക്കൽ (അമ്പൂരി), ഫാ. മാത്യു വടക്കേ റ്റത്ത് (കുറുമ്പനാടം), ഫാ. അബ്രാഹം തീമ്പലങ്ങാട്ട് (ആലപ്പുഴ), ഫാ. ജോസഫ് പുതുവീട്ടിൽക്കളം (ചമ്പക്കുളം), ഫാ. കുര്യൻ അമ്പലത്തുങ്കൽ (കുടമാളൂർ), ഫാ. മാത്യു മരങ്ങാട്ട് (നെടുങ്കുന്നം) എന്നിവർക്കു സന്ദേശനിലയം കുടുംബം നന്ദിനിറഞ്ഞ പ്രാർഥനാശംസകൾ നേരുന്നു.

**ആദരാഞ്ജലികൾ**

എഴുമറ്റൂർ സൺഡേസ്കൂൾ അധ്യാപകൻ റ്റി. ജെ. സ്കറിയ തൈപ്പറമ്പി ലിന്റെയും മുടിയൂർക്കര സൺഡേസ്കൂൾ അധ്യാപകൻ വക്കച്ചൻ പുതിയാ പറമ്പിലിന്റെ പിതാവിന്റെയും പുന്നത്തുറ സൺഡേസ്കൂൾ അധ്യാപിക സി. റോസ്മിൻ എസ്.എച്ച്.ന്റെ മാതാവിന്റെയും അധ്യാപകൻ സിബി സ്കറിയയുടെ പിതാവിന്റെയും വെരൂർ സൺഡേസ്കൂൾ അധ്യാപിക ഷീബ ജോസഫിന്റെ പിതാവിന്റെയും കിടങ്ങറ സൺഡേസ്കൂൾ അധ്യാപകൻ വിവേക് മാത്യുവിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനു ശോചനവും പ്രാർഥനയും അറിയിക്കുന്നു.

❍

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹമുള്ള കുഞ്ഞുമിഷണറിമാരേ,

ഈശോയുടെ 40 ദിവസത്തെ ഉപവാസവും അവിടുന്നു സഹിച്ച പീഡകളും അനുസ്മരിക്കുന്ന ഈ അമ്പതുനോമ്പുകാലത്തു നോമ്പെടുത്തും ചെറിയത്യാഗങ്ങളിലൂടെയും നന്മപ്രവൃത്തികളിലൂടെയും നമ്മെ വിശുദ്ധീകരിക്കാം. പരീക്ഷാക്കാലത്തേക്കു നാം പ്രവേശിക്കുകയുമാണ്. നന്നായി പഠിച്ചു പരിശുദ്ധാത്മാവിന്റെ സഹായത്തോടെ പരീക്ഷയെഴുതാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

03 തിങ്കൾ വിഭൂതി (ഉപവാസദിനം)- അമ്പതുനോമ്പാരംഭം

18 ചൊവ്വ മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം

19 ബുധൻ മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ *(ഓഫീസ് അവധി)*

25 ചൊവ്വ മംഗളവാർത്തതിരുനാൾ

**ഏപ്രിൽ**

01 ചൊവ്വ വിശ്വാസോത്സവാരംഭം (1 മുതൽ 10 വരെ തീയതികളിൽ)

15 ചൊവ്വ കയ്യെഴുത്തുമാസിക അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാനതീയതി

**കയ്യെഴുത്തുമാസിക**

കയ്യെഴുത്തുമാസികക്കു നന്നായി ഒരുങ്ങുന്നുണ്ടെന്നു കരുതുന്നു. എപ്രകാരമാണു ചെയ്യേണ്ടതെന്നു മാർഗരേഖ പേജ് 36ൽ കൊടുത്തിട്ടുണ്ട്. അതിനനുസരിച്ചു മാസിക ആകർഷകമാക്കാൻ ശ്രദ്ധിക്കുമല്ലോ. കയ്യെഴുത്തുമാസിക അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാനതീയതി **ഏപ്രിൽ 15**.

**തിരുവചനവഴിയിലൂടെ**

വർഷാരംഭത്തിൽ **'തിരുവചനവഴിയിലൂടെ'** എന്ന ഒരു പ്രോഗ്രാം നാം തുടങ്ങിയിരുന്നു. ഈ ബൈബിൾ ഡയറി ഒരുക്കിക്കൊണ്ടിരിക്കുന്ന കുഞ്ഞുമിഷണറിമാർ അതു മെയ് അവസാനംവരെ എഴുതേണ്ടതാണ്. **മെയ് 31നു** നിങ്ങളെഴുതിയ ഡയറി/ ബുക്ക് നിങ്ങളുടെ ജോയിന്റ് ഡയറക്ടറെ ഏല്പിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ അതിൽനിന്നും ഏറ്റവും നന്നായി എഴുതിയിരിക്കുന്ന ഒരു

ബുക്ക് അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. അതിരൂപതയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ബുക്കുകൾക്കു സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

**ജൂബിലി വർഷാചരണം**

ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ നോമ്പുകാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ.

1. ഈ നോമ്പുകാലത്തു സമൂഹത്തിൽ ദുരിതങ്ങളിലൂടെയും ദുരന്തങ്ങളിലൂടെയും കടന്നുപോകുന്ന ഇടവകയിലെ കുടുംബങ്ങളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യാം.
2. പാവപ്പെട്ടവർക്കായി ഫണ്ട് സ്വരൂപിക്കുക. കാരുണ്യഭവനങ്ങൾ സന്ദർശിക്കുക.
3. നോമ്പുകാലത്ത് 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കാനായി കണ്ടെത്തേണ്ടത് ആശ്വാസത്തിന്റെ തിരുവചനങ്ങളായിരിക്കണം.